ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം

194(5783) ശ്രീ. വി. ശിവൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഭൂമിയിൽ നിർമ്മിച്ച ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണച്ചെലവിനായി വായ്പ എടുത്തിരുന്നുവോ ; എങ്കിൽ എവിടെനിന്ന് എത്ര തുക ; എത്ര ശതമാനം പലിശ ; ഇനി എത്ര തുക അടച്ചു തീർക്കുവാനുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക നാളിതുവരെ വാടകയിനത്തിൽ ലഭിച്ചുവെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് ഇവിടെ വാടക നൽകി പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വായ്പ ലഭ്യമാക്കിയിട്ടില്ല.

(ബി) ട്രാൻസ്പോർട്ട് ഭവൻ കെട്ടിടത്തിൽ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓഫീസ്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വോഡാഫോൺ മൊബൈൽ ടവർ തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ 73,75,774 രൂപയും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് 44,30,140 രൂപയും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് 75,55,100 രൂപയും വോഡാഫോൺ മൊബൈൽ ടവർ 13,22,460 രൂപയും ഒടുക്കിയിട്ടുള്ളതാകുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന കളക്ഷനും ഇന്ധനച്ചെലവും

195(5784) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly